22.12.1966

അറുപതു തികയുന്ന ഇടശ്ശേരി

എൻ വി കൃഷ്ണവാരിയർ

നാല്പത്തഞ്ചു കൊല്ലത്തോളം താലൂക്ക് തലസ്ഥാനങ്ങളിലെ ചെറുകോടതികളുടെ പരിസരങ്ങളിൽ ചുററിപ്പററി നടക്കുകയും, അവിടെ പ്രതിദിനം വന്നു കയറി തിക്കിത്തിരക്കുന്ന ''വ്യവഹാരി''കളായ ഗ്രാമീണരുടെ ദുരയും ദുരന്തവും വാശിയും വിവശതയും ദീർഘസൂത്രവും ഹ്രസ്വദൃഷ്ടിയും നിരന്തരം കണ്ടു പരിചയിക്കുകയും ചെയ്ത പ്രതിഭാധനനായ ഒരു വ്യക്തിയിൽ പതുക്കെപ്പതുക്കെ ഊറിക്കൂടി കട്ടപിടിച്ചേയ്ക്കാവുന്ന ജീവിതവീക്ഷണം എന്തായിരിക്കാം? അതു്, ''സിനിസിസം'' എന്നു നാം പറയുന്ന, സർവ്വപുച്ഛവും വിശ്വാസരാഹിത്യവും അവമതിപ്പും എല്ലാം ഉരുച്ചേർന്ന, ആ ഇരുണ്ട മനോഭാവമായിരിക്കാനാണ് ഏറെക്കുറെ സാദ്ധ്യത. ആ വ്യക്തി ഒരു എഴുത്തുകാരനാണെങ്കിൽ, ഉച്ചത്തിലുള്ള ഒരു പരിഹാസപ്പൊട്ടിച്ചിരിയുടെ രൂപത്തിലോ, അകന്നും ഉയർന്നും നിൽക്കുന്ന ഒരു നിമ്മമത്വഗൌരവത്തിന്റെ രൂപത്തിലോ ഈ മനോഭാവം അയാളുടെ കൃതികളിൽ ഒരന്തർദ്ധാരയായി പ്രത്യക്ഷപ്പെടുകയും ചെയ്തേയ്ക്കാം.

എന്നാൽ, ഭാഗ്യംകൊണ്ടെന്നു പറയട്ടെ, ശ്രീ ഇടശ്ശേരി ഗോവിന്ദൻനായരുടെ കാര്യത്തിൽ സംഭവിച്ചതു് ഇതല്ല. ജീവിതത്തിന്റെ കയ്പിലും എരിവിലും കലങ്ങലിലും പിരിമുറുകിപ്പൊട്ടലിലും തന്റെ നാളുകളത്രയും കഴിച്ചുകൂട്ടുന്ന ഈ കവിയെപ്പോലെ ഇത്ര അഗാധമായും സത്യസന്ധമായും വാസ്തവബോധത്തോടേയും ജീവിതത്തെ സ്നേഹിക്കുന്ന മററൊരു കവി ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പില്ല.

വാസ്തവബോധമെന്ന വാക്കിന്ന് ഒരു കീഴ്‌വര ആവശ്യമാണ്. മിഥ്യാസങ്കല്പങ്ങളും സ്വപ്നങ്ങളും ചൂഴ്ന്ന ഒരു ''അദ്വൈതാമലഭാവസ്പന്ദിത വിദ്യന്മേഖല'' ഇടശ്ശേരി ചിത്രീകരിക്കുന്ന ജീവിതത്തിലില്ലതന്നെ. പ്രണയം, ത്യാഗം, നൈരാശ്യം, ആത്മാവിന്റെ ഏകാകിത മുതലായ, മൂർത്തസ്വഭാവം നന്നെ കുറഞ്ഞ, വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പോലും ഭൌതികയാഥാർത്ഥ്യങ്ങളുടെ കുടുത്ത ഭൂമിയിൽ തന്നെ കാലുറപ്പിച്ചു നിൽക്കുവാൻ അദ്ദേഹത്തിന്റെ സർഗ്ഗപ്രതിഭ മറക്കാറില്ല.

''ഞാനൊരു കർഷകനത്രെ''

കവിതയെപ്പററി ശ്രീ ഇടശ്ശേരിയുടെ സങ്കല്പമെന്താണ്? അദ്ദേഹം തന്നെ അതു പറയട്ടെ:

''ഞാനൊരു കർഷകനത്രെ,
നട്ടുവളർത്തുന്നു ഞാൻ കരിമ്പിവിടെ,
മധുരം നിർവ്വൃതികരമുരു—
മാധ്വി തുടിക്കുന്നുമുണ്ടിതിൻതണ്ടിൽ
കൂലി കുറച്ചതെതിർക്കാൻ,
നിലമുഴവോനാകുവാനമായിവിടെ
അലറിക്കൊണ്ടീവഴിപോം
അശ്ലീലക്കാ, രസഭ്യ, രാഭാസർ.
ഞാനറിവോരുണ്ടവരിൽ:
കൃഷിചെയ്‌വോ, രിടയർ, കൂലി—
വേലക്കാർ;
കണ്ടിട്ടില്ലിന്നോളം
സഹൃദയനെന്നോതിടുന്നൊരാളേയുമേ
അവരെൻ കേദാരത്തിലെ
വളർമധുരത്തണ്ടൊടിച്ചു ചാറീമ്പി
വരളും തൊണ്ട നനപ്പു
വർദ്ധിതമദമൊത്തു വീണ്ടുമാർത്തിടാൻ
അഥവാ വയർ നിറയുമ്പോൾ
(അട്ടിനമൊരുപോത്തു പോന്നു വന്നെ—
ങ്കിൽ)
സഞ്ചിതമധുവാം തദ്ഗള—
മഞ്ചിതമായ്പ്പാടുമെന്നെനിക്കുമതം''

അശ്ലീലക്കാരും അസഭ്യരും ആഭാസരുമെന്ന് അധിക്ഷേപിക്കപ്പെടുന്ന കർഷകരുടേയും ഇടയരുടേയും കൂലിക്കാരുടേയും ഇടയിൽ ജീവിക്കുന്ന ഈ കവി, അവരുടെ ആത്മീയദാഹം തീർക്കുന്നതിന്നുവേണ്ടി, അവർ മദം വർദ്ധിച്ച് വീണ്ടും ആർക്കുന്നതിന്നുവേണ്ടി, പാടുന്ന പാട്ടുകളുടെ വിഷയം, അവരുടെ പരുക്കൻ ജീവിതത്തിലെ ഹ്രസ്വസുഖങ്ങളും ദീർഘദുഃഖങ്ങളുമല്ലാതെ മററെന്താവാനാണ്? നമ്മുടെ ഗ്രാമീണ ജനതയുടെ ജീവിതത്തിന്റെ സ്ഥിരരോഗങ്ങളായ ദാരിദ്ര്യവും അജ്ഞതയും, പക്ഷേ, ഈ കവിയെ വിഷാദാത്മകനോ പലായനവാദിയോ ആക്കിയിട്ടില്ല. മുഷ്ടി ചുരുട്ടി കരിങ്കല്ലുഭിത്തിക്കു നേരെ കുതിക്കുവാൻ മർദ്ദിതജനതയെ ഉദ്ബോധിപ്പിക്കുന്ന അന്ധമായ വിപ്ലവാവേശവും അദ്ദേഹത്തിലില്ല.

''അധികാരം കൊയ്യണമാദ്യം നാം,
അതിനു പിൻപാവട്ടെ പൊന്നാര്യൻ''

എന്ന് ഇടശ്ശേരി അറിയായ്കയല്ല. പക്ഷേ, അധികാരം കൊയ്യുന്നതെങ്ങിനെ?, താൽക്കാലികമായ ഒരു ബഹുജനാവേശത്തിന്റെ അലത്തലപ്പത്തു കയറി ഒന്നോ രണ്ടോ പേർ അധികാരസ്ഥാനത്തു കയറിപ്പററിയാൽ സാമൂഹ്യവിപ്ലവമാകുമെന്ന മിഥ്യാഭ്രമം അദ്ദേഹത്തിന്നില്ല. ദൃഢവും അരോഗവുമായ ലോക പരിജ്ഞാനം അത്തരമൊരു വികാരത്തള്ളിച്ചയ്ക്ക് അദ്ദേഹത്തെ ഒരിക്കലും വിധേയനാക്കുന്നില്ല. പതുക്കെയെങ്കിൽപ്പതുക്കെ, എന്നാൽ പിന്മടക്കത്തിന്ന് ഇടയില്ലാത്ത വിധത്തിൽ, സാധാരണ മനുഷ്യർ എന്നെങ്കിലും സത്യം കണ്ടറിയുക തന്നെ ചെയ്യുമെന്ന് അദ്ദേഹത്തിനുറപ്പുണ്ട്.

രണ്ടു മുഖങ്ങൾ

എന്താണ് ആ സത്യം? അതിന്ന് സൌമ്യവും രൌദ്രവുമായ രണ്ടു മുഖങ്ങളുണ്ട്. അഥവാ, അതിന്റെ മുഖം സൌമ്യരൌദ്രങ്ങളായ രണ്ടു ഭാവങ്ങൾ ഒരേ സമയത്തു നിഴലിക്കുന്ന ഒന്നാണ്. ഏററവും താഴ്ന്ന നിലയിലുള്ള ഒരു ജീവിയുടെ ജീവൻ രക്ഷിക്കാൻ വേണ്ടി തന്റെ ജീവൻ ബലിയർപ്പിക്കാൻ സന്നദ്ധനാവുകയും, അതേ സമയത്തു തന്നെ, സ്വന്തം കർമ്മത്തിന്റെ അലംഘ്യവും നിർദ്ദയവുമായ ഫലം ഓരോ വ്യക്തിയും അനുഭവിച്ചേ തീരു എന്ന് അനുശാസിക്കുകയും ചെയ്ത ബുദ്ധഭഗവാന്റെ തത്വദർശനത്തിൽ ഈ ശാശ്വതമായ ജീവിതസത്യത്തെ ഇടശ്ശേരി സാക്ഷാൽക്കരിക്കുന്നു:

''ചോരക്കൈ വാളിന്നൂണാ മരിയൊര—
ജകിശോരത്തെ മീളാൻ കനിച്ചു—
ള്ളോരക്കണ്ണത്തിൽ നിന്നൂറിന മൃദുകരു
ണാവായ്പിലാഴുമ്പോഴെല്ലാം
'ഹാ, രക്ഷസ്സുത്തമകർമ്മം ശരണ, മിതു
രമീ, ക്ലിഷ്ടമാ' പ്പെന്നഗീരിൻ. . .
ക്രൂ രതാത്താലുയർത്തപ്പെടുക ഹൃദയമേ,
പിന്നെയും പിന്നെയും നീ''.

''ആനന്ദ, നീ ആത്മദീപനും ആത്മശരണനുമാവുക'' എന്ന ബുദ്ധന്റെ അന്തിമോപദേശത്തേക്കാൾ ക്രൂരവും, അതേ സമയം മനുഷ്യ വ്യക്തിയെ ഉയർത്തുന്നതുമായ മററൊന്തൊരുപദേശമുണ്ട്? ''ഒരു പിടി കൊള്ളക്കാർ കരുതിവെച്ചുള്ളതാമധികാര''ത്തിന്റെ പൽച്ചക്രങ്ങൾക്കിടയിൽപ്പെട്ടരഞ്ഞു പോകുന്ന പാവത്താന്മാരായ ഗ്രാമീണരോട് ഈ കവി ഉപദേശിക്കുന്നതു് ഇതുതന്നെ:

''കുഴിവെട്ടി മൂടുക യാതനകൾ,
കുതികൊൾക ശക്തിയിലേക്കു നമ്മൾ!''

കാളയോ കലപ്പയോ അല്ല, മുടിക്കോലാണ് തന്റെ തിരഞ്ഞെടുപ്പു ചിഹ്നമെന്ന് പ്രഖ്യാപിച്ചപ്പോൾ ഇടശ്ശേരി ഉദ്ദേശിച്ചതും മററൊന്നുമല്ല.

പക്ഷേ, നിർമ്മമമായ ഈ കർമ്മസിദ്ധാന്തം, സ്വന്തം വിധി സ്വയം രൂപവൽക്കരിക്കാൻ വിധിക്കപ്പെട്ട മനുഷ്യനെ മററാരാൾ സഹായിക്കുന്നതു പോകട്ടെ, അയാളുടെ വേദനകളിൽ സഹതപിക്കുക കൂടി വയ്യെന്നതു വരെ ചെന്നാലോ? അപ്പോൾ മനുഷ്യത്വം മരിക്കും, വ്യക്തി കല്ലായിത്തീരുകയും ചെയ്യും. ഈ ദുരന്തത്തിൽ നിന്ന് വ്യക്തിയെ സമുദ്ധരിക്കാൻ അയാളുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ശാശ്വതമായ പ്രസ്രവണം ഉറന്നൊഴുകിയേ തീരു. അനുതാപം ദുഃഖിതരേക്കാളേറെ ആവശ്യം ദുഃഖം കാണുന്നവനാണെന്നർത്ഥം. മനുഷ്യസ്നേഹം പോലെ നമ്മെ മഹത്വപ്പെടുന്ന മററെന്തൊന്നുണ്ട്? സ്നേഹിക്കപ്പെടുന്നവർ എത്ര മാത്രം അധഃസ്ഥരോ, സ്നേഹം അത്രക്കത്രക്ക് ഉൽകൃഷ്ടമായിത്തീരുന്നു.

''നാശഗർത്തത്തിൽ വെച്ചും തമ്മിൽ
തലകടിച്ചു
നാട്ടുളെ ലജ്ജിപ്പിക്കും സ്ത്രീ പുരുഷർ,
നമ്മൾ തന്നുടലുകൾ, നമ്മൾ തൻ
പ്രാണങ്ങൾ; ഹാ,
നമ്മൾ തൻ സ്നേഹത്തിന്നായ്
കൊതിച്ചു നില്പോർ,
നമ്മൾ മനുഷ്യരെങ്കിൽ, നമ്മ
കൊതിപ്പോരെങ്കിൽ,
നമ്മെ വിശുദ്ധരാക്കും തീർത്ഥകല്പർ!''

സ്നേഹമുണ്ടോ, അവിടെ ദ്വേഷവുമുണ്ടാകാതെ വയ്യ. ജനങ്ങളെ സ്നേഹിക്കുന്നവർ ജനമർദ്ദകരെ വെറുക്കുകയും ചെയ്യും. ഇവിടെ ഇടശ്ശേരിക്കു വിട്ടുവീഴ്ചയില്ല.

മററു പലരുടേയും കവിത
കൾ വായിച്ചു നേടിയ സം
സ്കാരത്തെ , അല്ലെങ്കിൽ ശ
ലത്തെ, തെല്ലിട മാററിവെ
ച്ചു വേണം ഇടശ്ശേരിയുടെ
കവിതയെ സമീപിക്കാൻ.
ഈ കവിതയിൽ അന്തി
മങ്ങലില്ല; പകൽവെ
ളിച്ചമേ ഉള്ളൂ. ഇത് അരോ
ഗതയുടെ കവിതയാണ്.

''വിജയിക്കു മേൽക്കുമേൽ ക്രൌര്യ
സംസ്കാര
വിഭവത്തിനെന്നുടെ പൈതൃകം നീ
എന്ന് അദ്ദേഹം തുറന്നു തന്നെ പറയുന്
''ഇന്നെന്റെ കൈക്കോട്ടിന്നു കമ്മ്രു,
പതിവു പോര
എൻവയലിലെ മൺകട്ടകളല്ല, തോ
പിറെ
എൻ നിലം കയ്യേറുവാൻ വന്നതാ
മപഹർ
വൃന്ദത്തിൽദ്ദുരമൂത്തമസ്തകാവലിയത്രേ.

എല്ലുറച്ച വിവേകം

ആവലാതികളും സ്വപ്നങ്ങളും ഒ
മാരകമ്പങ്ങളും ഇമ്പത്തോടെ ആ
ഷ്ക്കരിക്കാനുള്ള അനുനാസികപ്ര
നങ്ങളായ പദങ്ങളുടെ താളമേളമാണ
കവിതയെന്ന വിശ്വാസം പ്രബല
യിരുന്ന ഒരു കാലത്തായിരുന്നു ഇട
രി കാവ്യസാധന ആരംഭിച്ചത്.
ന്നെപ്പിന്നെ, ആവേശഭരിതങ്ങളാ
ആക്രോശങ്ങളുടെ ചീറിപ്പൊട്ടലുകൾ
ലയാളകവിതയിൽ ഏറിയേറിവന
അതും കഴിഞ്ഞു, അസ്പഷ്ടാനുഭൂതികളു
നീഹാരികാമേഖലയിലെ സ്വപ്ന
ട്ടുകളായിരിക്കണം കവിതയെന്ന ധ
ണ ഇവിടെ വളർന്നു വരാൻ തുടങ്ങ
മാറിമാറി വരുന്ന ഈ ഫാഷനുകളെ
ന്നും ഇടശ്ശേരിയുടെ എല്ലുറച്ച
വേകത്തെ വികലമാക്കുകയുണ്ടായില്ല

താൻ തിരഞ്ഞെടുത്ത വിഷയം പോലെ
ദൃഢവും പരുഷവും ശക്തവും വാസ്ത
ധിഷ്ഠിതവുമാണ് അന്നും ഇന്നും അ
ഹത്തിന്റെ രചന. മററു പലരുടേ
കവിതകൾ വായിച്ചു നേടിയ സംസ്
രത്തെ—ശീലത്തെ എന്നു പറയുക
വും ഉചിതം—തെല്ലിട നീക്കിവെച്ചു
ണം അദ്ദേഹത്തിന്റെ കവിതയെ സ
പിക്കാൻ. ഈ കവിതയിൽ അന്തിമ
ലില്ല പകൽവെളിച്ചമേ ഉള്ളൂ. ഇ
അരോഗതയുടെ കവിതയാണ്.

''ഒരു കിലോ പൂളക്കിഴങ്ങുണ്ടെ
വീട്ടിൽ;
ഇരുനൂറു മത്തി തികച്ചും കിട്ടുകി
നടക്കട്ടേ (എന്തിന്നിനി
വിളംബിപ്പു—?)
തൊട്ടവിലത്തോന്റെ പിറന്നാ
ളാഘോഷം''

എന്നു ഇടശ്ശേരി പാടുമ്പോൾ, ന
ടെ ദാരിദ്ര്യവും നിർബ്ബലവും നി
ഹായവുമായ ഗ്രാമീണജീവിതത്തെ
ന്നെ കവിതയായി മാററുകയത്രേ അ
ഹം ചെയ്യുന്നത്.

''കൂട്ടുകൃഷി'' എന്ന നാടകമാണ
ഈ കവിയുടെ ഏററവും മികച്ച കൃ
എന്നെനിക്കു തോന്നുന്നു. ഈ ഗ്രാമീ
നാടകം മലയാളത്തിലൊരു ക്ലാസിക
യി എന്നുമെന്നും നിലനിൽക്കുമെ
നിക്കുറപ്പുണ്ട്. കൂട്ടുകൃഷിക്കു പുറമെ
ദ്ദേഹത്തിന്റെ ലഘുനാടകങ്ങളുടെ
ഞ്ച് സമാഹാരങ്ങളും ആറുകാവ്യസ
ഹാരങ്ങളും പ്രസിദ്ധംചെയ്തു കഴിഞ്ഞ
ട്ടുണ്ട്. ''പുത്തൻ കലവും അരിവാളും
പോലെയുള്ള അദ്ദേഹത്തിന്റെ പല
വിതകളും സുപ്രസിദ്ധങ്ങളാണ്.

കോടതിക്കകത്തും പുറത്തും നീറി
കയുന്ന നാട്ടുകാരുടെ നൂറായിരം വ്യ
ഹാരങ്ങളുടെ ഇഴകൾ പേർത്തെടുക്കുന്ന
ന്നും, സാമാന്യം വലുതായ ഒരു കുടും
ത്തെ സംരക്ഷിക്കുന്നതിന്നും, എട്ടു ക
കൾക്കു വിദ്യാഭ്യാസം നൽകി അവ
ഒരു നിലയിലെത്തിക്കുന്നതിന
വേണ്ടി വരുന്ന ക്ലേശങ്ങൾക്കിടയി
മലയാളസാഹിത്യത്തിന്നു അനർഘ
ളും അദ്വിതീയങ്ങളുമായ സംഭാവനക
മുടങ്ങാതെ നൽകിപ്പോരുന്ന ഈ മ
നായ മനുഷ്യസ്നേഹി ഇനിയുമെത്ര
കാലം തന്റെ സാഹിതീസപര്യ തു
ന്നു നടത്തുമാറാകട്ടെ!